ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ എം. എം. ഹസ്സൻ) : സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ................പ്രതികൂലിക്കുന്നവർ............പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു ; ബിൽ പാസ്സാക്കിയിരിക്കുന്നു.

(2) ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : 2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : 2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ എം. എം. ഹസ്സൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

VIII ക്രമപ്രശ്നം

ബില്ലിന്റെ അവതരണം സംബന്ധിച്ച്

Shri. M. V. Jayarajan : Sir, I raise a Point of Order.

Mr. Deputy Speaker : What is your objection ?

ശ്രീ. എം. വി. ജയരാജൻ : സർ, പൊതുവിൽ സ്വാഗതം ചെയ്യപ്പെടേണ്ടുന്ന ഒരു ബില്ലാണ് ഇത്. കേരളത്തിൽ പ്രത്യേകിച്ച് വയനാട്, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ സ്വന്തം പുരയിടത്തിലുള്ള മരംപോലും മുറിച്ചുമാറ്റുവാൻ കഴിയാത്ത ഒരു സാഹചര്യമാണ് ഹൈക്കോടതി വിധിയെത്തുടർന്ന് ജനങ്ങൾക്ക് ഉണ്ടായിട്ടുള്ളത്. പൊതുവിൽ സ്വാഗതാർഹമായിട്ടുള്ള ഒന്നാണ് ഈ ബിൽ. പക്ഷേ ഇതിൽ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ഹൈക്കോടതിയിലുള്ള ഒരു ഒ.പി-യുടെ കാര്യം പറയുന്നുണ്ട്. ഒ.പി. നമ്പർ 30589/2001.ആ.ഒ.പി. അടിസ്ഥാനമാക്കിക്കൊണ്ടാണ് ഈ നിയമനിർമ്മാണം. അതിൽ കേരള ഹൈക്കോടതി വിധിയിൽ ഏതൊരു വൃക്ഷവും മുറിക്കുന്നതിനും കടത്തുന്നതിനും നിരോധനം ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ് : മരംമുറിക്കൽ എന്നൊരു നയം നമ്മുടെ ഗവൺമെന്റിനില്ല. ഞാൻ ആദ്യം പറഞ്ഞതുപോലെ വീട്ടുവളപ്പിലെ നാട്ടുവൃക്ഷങ്ങൾ മുറിക്കാൻ കൃഷിക്കാർക്ക് രണ്ടു വർഷമായിട്ട് പറ്റാത്ത സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. അത് മാറ്റിക്കൊടുക്കാനാണ് ഈ നിയമനിർമ്മാണം. അത്രേയുള്ളൂ. പിന്നെ ശ്രീ ജയരാജന്റെ പോയിന്റ് നമ്മുടെ ഏലത്തോട്ടങ്ങൾ കൊടുത്തതു വല്ലതുമുണ്ടെങ്കിൽ സൂക്ഷിക്കണം. അങ്ങനെയാണെങ്കിൽ സബ്ജക്ട് കമ്മിറ്റിയിലേക്കാണ് ഈ ബില്ല് പോകുന്നത്. സബ്ജക്ട് കമ്മിറ്റിയിൽ ചെല്ലുമ്പോൾ വനനശീകരണത്തിന് സഹായകരമായിട്ട് എന്തെങ്കിലും ഉണ്ടെങ്കിൽ മാറ്റംവരുത്താം. ഗവൺമെന്റിന് ആ കാര്യത്തിൽ തുറന്ന മനസ്സേയുള്ളൂ. നല്ല ഉദ്ദേശത്തോടുകൂടിയാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്. ശ്രീ. പി. ജയരാജൻ പറഞ്ഞ കേന്ദ്ര വനസംരക്ഷണ നിയമം, ഇതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ട് വരുന്നില്ല. അത് ഞങ്ങൾ നോക്കി. അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ അത് പരിഗണിക്കുമായിരുന്നു. അതിനെതിരായിട്ട് വരുന്നില്ല. കേന്ദ്ര ഗവണ്മെന്റ് വനസംരക്ഷണ നിയമം പാസാക്കിയത്, വനം വളരെ പ്രധാനപ്പെട്ടതാണ് എന്ന് കേന്ദ്ര ഗവണ്മെന്റ് വിചാരിക്കുന്നതുകൊണ്ടാണെന്ന് പറഞ്ഞു. അതുപോലെ തന്നെയാണ് കേരള ഗവണ്മെന്റിന്റേയും ചിന്ത. നമ്മുടെ വനങ്ങൾ സംരക്ഷിക്കപ്പെടണം. വനത്തിലെ തടികളൊന്നും പോകരുത്. ഈ ബില്ലുമായിട്ട് അതിന് ഒരു ബന്ധവുമില്ല. അങ്ങനെയുള്ള ഒരു മരവും മുറിക്കാൻ അനുവദിക്കുകയില്ല. അതുകൊണ്ട് വനസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് എതിരാണെന്നുള്ള വാദം നിലനിൽക്കുന്നില്ല. അതുപോലെതന്നെ കാർഡമം എസ്റ്റേറ്റിന്റെ കാര്യം ഞാൻ പറഞ്ഞു. അതിൽ എന്തെങ്കിലും ഉണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാം. മറ്റൊരു പോയിന്റ് പറഞ്ഞത് Law Reforms Committee വരുന്നുണ്ട്. പിന്നെ എന്തിനാണ് ഈ ബില്ലെന്നാണ്. അത് കാബിനറ്റിന്റെ പരിഗണനയിലല്ലേ ആയിട്ടുള്ളൂ. വയനാട്ടിലെ ആദിവാസികൾ വളരെ വിഷമിക്കുകയാണ്. ആ ബില്ല് ഇനി ക്യാബിനറ്റ് പരിഗണിക്കണം. മറ്റൊരു ബില്ല് ഇനിയും വരുന്ന സമയംവരെ എന്തിനാണ് ഇത് മാറ്റിവയ്ക്കുന്നത് ? അതുകൊണ്ട് എത്രയും നേരത്തേ അവിടത്തെ ജനങ്ങൾക്ക് ആശ്വാസം കൊടുക്കാൻ വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഇതിൽ ക്രമപ്രശ്നത്തിന്റെ കാര്യമൊന്നുമില്ല ; അവതരിപ്പിക്കാമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

മി. ഡെപ്യൂട്ടി സ്പീക്കർ : മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ശ്രീ. എം. വി. ജയരാജന്റെയും, ശ്രീ. പി. ജയരാജന്റേയും തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

2003-ലെ കേരള വൃക്ഷസംരക്ഷണ ഭേദഗതി ബിൽ

(ചർച്ച തുടർച്ച)

ശ്രീ. പി. എസ്. സുപാൽ : സർ, 2003-ലെ കേരള വൃക്ഷസംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20.8.2003 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1986-ലെ കേരള വൃക്ഷസംരക്ഷണ ആക്ട് ഭേദഗതി ചെയ്യുന്നതിനുവേണ്ടിയാണ് ഈ ബിൽ

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിച്ചിട്ടുള്ളത്. വയനാട് ജില്ലയിലെ ഒരു പരാതിയെതുടർന്ന് എല്ലാതരത്തിലുമുള്ള മരംമുറിയും നിരോധിച്ചുകൊണ്ട് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ആ ഉത്തരവ് ആ പ്രദേശത്തെ ജനങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചത്.ഇത്തരം ആവശ്യം ഉന്നയിച്ചുകൊണ്ട് എല്ലാ ആളുകളും രംഗത്തുണ്ട്. അതുകൊണ്ടുതന്നെ ഈ ബില്ലിന്റെ പ്രസക്തിയെ ചോദ്യം ചെയ്യുന്നില്ല. ഈ ബിൽ ഇവിടെ പൈലറ്റ് ചെയ്യുന്നത് നമ്മുടെ ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. സി. എഫ്. തോമസാണ്. അതുകൊണ്ടുതന്നെ ഇതിൽ വലിയ ദുരുദ്ദേശമുണ്ടാകുമെന്ന് തോന്നുന്നില്ല. അദ്ദേഹത്തിന്റെ സ്ഥാനത്ത് അദ്ദേഹത്തിന്റെ ലീഡറോ, നമ്മുടെ വനം വകുപ്പുമന്ത്രിയോ ആണ് ഇത് പൈലറ്റു ചെയ്തിരുന്നതെങ്കിൽ ഇതിന്റെ ഉദ്ദേശശുദ്ധിയെക്കുറിച്ച് സംശയം ഉണ്ടാകുമായിരുന്നു. പൊതുവിൽ ഈ ബില്ലിനോട് യോജിക്കുന്നതോടൊപ്പംതന്നെ എനിക്ക് ഒരു കാര്യം സൂചിപ്പിക്കാനുള്ളത് ഇത്തരം നിയമം ദുരുപയോഗപ്പെടുത്തുന്ന സാഹചര്യം ഉണ്ടാകരുതെന്നാണ്. ഇത്തരം ഒരു നിയമം പാസ്സാക്കുമ്പോൾ ഇത് ദുരുപയോഗപ്പെടുത്താൻ ഉള്ള, ഈ നിയമത്തിന്റെ മറവിൽ അനധികൃതമായി മരങ്ങൾ വ്യാപകമായി മുറിച്ച് കടത്താനുള്ള സാദ്ധ്യതകൾ തള്ളിക്കളയുവാൻ കഴിയുകയില്ല. അതുകൊണ്ട് ഇത്തരം ഒരു നിയമം പാസ്സാക്കാൻ ഒരുമ്പെടുമ്പോൾ ഒരു കാരണവശാലും ദുരുപയോഗം ഉണ്ടാവുകയില്ല എന്ന് ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതാണ്. നമ്മുടെ വനസമ്പത്ത് വളരെ പ്രധാനപ്പെട്ടതാണ്. 'ദൈവത്തിന്റെ സ്വന്തം നാട്' എന്നാണ് നമ്മുടെ നാടിനെ വിശേഷിപ്പിക്കുന്നത്. 'God's own Country' എന്നാണ്. വളരെ പ്രകൃതിരമണീയമായ സ്ഥലം. വൃക്ഷലതാദികൾ, പച്ചപ്പടർപ്പുകൾ, നദികൾ, അരുവികൾ, വലിയ കാടുകൾ, ഇങ്ങനെ പ്രകൃതി രമണീയമായ സ്ഥലമാണ് കൊച്ചുകേരളം. ലോകത്തുതന്നെ ഏറ്റവും ജൈവവൈവിധ്യമുള്ള ഒരു പ്രദേശമായിട്ടാണ് കൊച്ചുകേരളത്തെ കാണുന്നത്. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് 9,339 സ്ക്വ. കി.മീ. റിസർവ് വനത്തിന്റെ സ്റ്റാറ്റസുള്ള നിക്ഷിപ്ത വനങ്ങളുണ്ട്. സ്വകാര്യ വനങ്ങൾ 55.72 സ്ക്വ.കി.മീ. ഉണ്ടെന്നാണ് പൊതുവിൽ കണക്കാക്കിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ധാരാളം നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. നമ്മുടെ നിയമസഭയിലും കേന്ദ്രത്തിലുമൊക്കെ വനം സംരക്ഷിക്കുന്നതിന് ധാരാളം നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. 1970-ൽ അച്യുതമേനോൻ ഗവൺമെന്റിന്റെ ഭരണകാലത്ത് അന്ന് വനം വകുപ്പുമന്ത്രിയായിരുന്ന പി. എസ്. ശ്രീനിവാസൻ, സ്വകാര്യ വനം പ്രതിഫലം കൂടാതെ ഏറ്റെടുക്കുന്ന തിന് വിപ്ളവകരമായ നിയമനിർമ്മാണം നടത്തിയ സഭയാണ് ഈ കേരള നിയമസഭ. അതിനെത്തുടർന്ന് നമ്മുടെ വനം സംരക്ഷിക്കുന്നതിനുവേണ്ടി ധാരാളം നിയമനിർമ്മാണങ്ങൾ കാലാകാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. പക്ഷെ, നിയമം സംരക്ഷിക്കേണ്ട ആളുകൾ വനം സംരക്ഷിക്കുവാൻ ബാദ്ധ്യതയുള്ള ആളുകൾ ഗുരുതരമായ വീഴ്ചകൾ വരുത്തുന്നതുമൂലം നമ്മുടെ വനത്തിന്റെ വിസ്തീർണ്ണം, കാടിന്റെ വിസ്തീർണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഞാൻ ഇത് വെറുതെ പറയുന്നതല്ല. കഴിഞ്ഞ രണ്ടുവർഷക്കാലമാണ് കേരളത്തിൽ ഏറ്റവും കൂടുതൽ വനംകൊള്ള നടന്നിട്ടുള്ളത്. വനം വകുപ്പിലെ ഉത്തരവാദപ്പെട്ടവരുടെ മൗനാനുവാദം

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ പിന്നിലുണ്ട്. ഭരണാധികാരികൾ വനം കൊള്ളയ്ക്ക് ശക്തമായി കൂട്ടുനിൽക്കുന്നു. ഇവിടെ കോടതിപോലും ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നു. ശ്രീ. ജയരാജൻ സൂചിപ്പിച്ചപ്പോൾ judicial activism ആണ് ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ളതെന്നും കോടതി എന്തിനാണ് ഇത്തരം കാര്യങ്ങളിൽ അനാവശ്യമായി ഇടപെടുന്നതെന്നും ചോദിച്ചു. Judicial Activism എന്നതരത്തിൽ നമുക്ക് ഇതിനെ സംബന്ധിച്ച് വേണമെങ്കിൽ പറയാം. പക്ഷെ, ഈ ഗവണ്മെന്റിന്റെ ഉദ്ദേശശുദ്ധിയെ സംബന്ധിച്ച് സംശയമുള്ളതുകൊണ്ടാണ് കോടതി ഇത്തരത്തിൽ Judicial Activism കാണുന്നത്. കോടതി ഇതിൽ ഇടപെട്ടതു സംബന്ധിച്ചുള്ള തർക്കമുണ്ട്. Judicial Activism എന്ന തരത്തിലൊക്കെ...

ശ്രീ. കെ. സി. വേണുഗോപാൽ: ഈ ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെക്കുറിച്ച് സംശയമുള്ളതുകൊണ്ടാണ് കോടതി ഇത്തരം കാര്യത്തിൽ കമന്റ് ചെയ്യുന്നതെന്ന് പറഞ്ഞു. കഴിഞ്ഞ നിയമസഭയിലും ഈ നിയമസഭയിലും ഉണ്ടായിരുന്ന ആളാണല്ലോ അങ്ങ്. അന്ന് മരം വെട്ടുന്നതു സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ ഉണ്ടായിരുന്നത് അങ്ങേയ്ക്ക് അറിയാം. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് ഒന്നും കടക്കുന്നില്ല. അങ്ങയുടെ പാർട്ടിയിൽപ്പെട്ട ആളുകൾക്കെതിരെ ആരോപണം ഉണ്ടായിട്ടുണ്ട്. ഞാൻ പറഞ്ഞുവന്നത് മരംമുറിയെക്കുറിച്ച് പരസ്യമായി ആരോപണം ഇവിടെ വന്നതാണ്. ഏതായാലും കോടതികൾ ഇത്തരം കാര്യങ്ങളിൽ കമന്റ് ചെയ്യുമ്പോൾ ഗവൺമെന്റിന്റെ ഇത്തരം സമീപനം കണ്ടിട്ടാണോ കോടതി കമന്റ് ചെയ്യുന്നത് ? അതോ അവരുടെ അധികാര പരിധിയിൽപ്പെടാത്ത എല്ലാ കാര്യങ്ങളെക്കുറിച്ചും പറയുന്ന സ്വഭാവം സമീപ കാലത്ത് ഉണ്ടായതു കൊണ്ടാണോ ?

ശ്രീ. പി. ജയരാജൻ : ബഹുമാനപ്പെട്ട അംഗം സുപാൽ തുടങ്ങിയതുതന്നെ വനം വകുപ്പുമന്ത്രിയോ അല്ലെങ്കിൽ നിയമവകുപ്പുമന്ത്രിയോ ഇത് അവതരിപ്പിച്ചിരുന്നുവെങ്കിൽ ഞാൻ ഇതിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുമായിരുന്നു എന്ന് പറഞ്ഞുകൊണ്ടാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ ആളുകളെയാണ് ഇന്ന് വനത്തിൽ ഇപ്പോൾ വാച്ചർമാരായി നിശ്ചയിച്ചിട്ടുള്ളത്. സുപ്രീം കോടതിയുടെ വ്യക്തിപരമായ വിധിയുണ്ട്. വനത്തിനുള്ളിൽ ഉള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച ജോലികൾ ആദിവാസികൾക്കു നൽകണമെന്ന്. ആ വിധി മറികടന്നുകൊണ്ടാണ് ശ്രീ. സുധാകരന്റെ ആളുകൾ ഡെയ്‌ലി വേജസിൽ 150 രൂപ നിരക്കിൽ വനത്തിനുള്ളിൽ പ്രവർത്തിക്കുന്നത്. അത് വനത്തിനുതന്നെ വലിയ ഭീഷണിയായിട്ട് മാറിയെന്ന കാര്യം അങ്ങേക്ക് അറിയാമോ ?

ശ്രീ. പി. എസ്. സുപാൽ : അതൊക്കെ നിയമസഭയിൽ ഉന്നയിച്ചിട്ടുള്ള വിഷയമാണ് ശ്രീ വേണു ഒരു കാര്യം പറഞ്ഞു. ഈ കാര്യങ്ങൾ ഒന്നും മറച്ചുവയ്ക്കേണ്ട കാര്യമില്ല. അങ്ങനെയുണ്ടെങ്കിൽ നിങ്ങളുടെ ഗവൺമെന്റാണിരിക്കുന്നത്. എന്തെങ്കിലും മോശത്തരം നടന്നിട്ടുണ്ടെങ്കിൽ അന്വേഷിക്കാം, നടപടി സ്വീകരിക്കാം. അതിനൊന്നും ഭയമില്ല. ഇക്കാര്യത്തിൽ ഒരു സംശയത്തിന്റേയും കാര്യമില്ല. Judicial Activism എന്നുള്ള നിലയിൽ കോടതിക്ക് നിങ്ങളുടെ ഗവണ്മെന്റിന്റെ പ്രവർത്തനത്തോട് സംശയകരമായ സമീപനമാണുള്ളത്. വയനാട്

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിലെ സ്വകാര്യ ഭൂമികളിൽ നിന്ന് മരംമുറിക്കുന്നത് സ്റ്റേ ചെയ്തു. ഹൈക്കോടതി ആ നിരോധനം നീക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റ് ഹൈക്കോടതിയെ സമീപിച്ചു. Additional Advocate General-ന് ആണ് അപേക്ഷ കൊടുത്തത്. അപേക്ഷ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി പറഞ്ഞത് എന്താണ് ? 'സ്വകാര്യ വ്യക്തികൾക്ക് മരം മുറിക്കാൻ അനുമതി നൽകുന്ന കാര്യത്തിൽ സർക്കാരിന് എത്ര ഉൽക്കണ്ഠ' എന്നാണ്. കഴിഞ്ഞ രണ്ടു വർഷക്കാലമായി കേരളത്തിൽ വ്യാപകമായി വനംകൊള്ള നടക്കുന്നു. അതുകൊണ്ട് പാവപ്പെട്ട ആളുകളുടെ വിഷയം വരുമ്പോഴും ഗവൺമെന്റ് ഇത്തരത്തിൽ Judicial Activism കാണിക്കുന്നുവെങ്കിൽ അതിന്റെ കാരണം അതാണ്.

ശ്രീ. പി. സി. ജോർജ് : കോടതിയുടെ മഹത്വം കുറച്ച് കൂടുതലാണ്, അതുകൊണ്ട് ചോദിക്കുകയാണ്. മറയൂരിൽ ചന്ദന മരങ്ങൾക്ക് കമ്മീഷനെ വച്ച് കോടതി നമ്പരിട്ടു. കോടതി ഇടപെട്ട് മുഴുവൻ ചന്ദനമരങ്ങളും നമ്പരിട്ടുപോയി. കഴിഞ്ഞ വർഷം വീണ്ടും കോടതി ഒരു കമ്മീഷനെക്കൂടെ വച്ച് പരിശോധിച്ചു. പകുതി മരവുമില്ല. ഏതായാലും ഗവൺമെന്റ് പരിശോധിച്ചല്ലോ. കോടതിയിൽ നിന്ന് കമ്മിഷൻ വച്ച് നമ്പരിട്ട ചന്ദനമരങ്ങളിൽ പകുതി ചന്ദന മരംപോലും ഇപ്പോൾ മറയൂരിലില്ല ; ആൺപിള്ളേർ വെട്ടിക്കൊണ്ടുപോയി. അതാണ് കോടതിയുടെ മഹത്വം.

ശ്രീ പി. എസ്. സുപാൽ : അങ്ങ് പറഞ്ഞതുപോലെ മറയൂരിലും ഇതുതന്നെയാണ് ഉണ്ടായത്. മറയൂരിൽ നിന്ന് ചന്ദനമരം മുറിച്ച് കടത്തുന്നതായി കോടതിക്ക് പരാതി

12.00 NOON]

കിട്ടി. കോടതി ഒരു കമ്മീഷനെ വച്ചു. ആ കമ്മീഷൻ സ്ഥലത്തു പോയി മരങ്ങൾക്ക് നമ്പരിട്ടു. ഇത് മുറിക്കരുതെന്ന് നിർദ്ദേശം നൽകി. അതിനുശേഷം വീണ്ടും ചന്ദനമരം മുറിച്ചു കടത്തുന്നതായി കോടതിക്ക് പരാതി കിട്ടി. കോടതി വീണ്ടും ഒരു കമ്മീഷനെ അയച്ചു. ആ കമ്മീഷൻ വീണ്ടും അവിടെച്ചെന്ന് പരിശോധിച്ചപ്പോൾ ആദ്യം പോയ കമ്മീഷൻ നമ്പറിട്ട പല മരങ്ങളും ഇവിടെ കാണാനില്ല, പകുതിയോളം മരങ്ങൾ കാണാനില്ല. അതു സംബന്ധിച്ച് അന്വേഷിക്കണമെന്ന് പറഞ്ഞു. അന്വേഷിച്ച് അതുസംബന്ധിച്ച് നടപടി ഉണ്ടായില്ല. അന്വേഷണം മുടക്കി. അവിടെ നടത്തിയ വനംകൊള്ളയ്ക്ക് നേതൃത്വം നല്കിയത് കോൺഗ്രസ്സിന്റെ ഉത്തരവാദപ്പെട്ട ആളുകളായതുകൊണ്ടാണ് ആ അന്വേഷണം മരവിപ്പിച്ചത് ; അല്ലെങ്കിൽ ഊർജിതമായ അന്വേഷണം നടത്താൻ വനം വകുപ്പ് തയ്യാറാകാത്തത്. അതുപോലെ മതികെട്ടാനിലെ വനംകൊള്ള ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായ വലിയൊരു വനംകൊള്ളയാണ്. ഈ സർക്കാരിന്റെ കാലത്തെ ഏറ്റവും വലിയ വനംകൊള്ളയിൽ ഒന്നാണ് ഇത്. നമ്മുടെ ജൈവ സമ്പത്താണ് നഷ്ടപ്പെട്ടിട്ടുള്ളത്. കേന്ദ്ര വനസംരക്ഷണ നിയമത്തിലെ അളവുകോൽ അനുസരിച്ച് മതികെട്ടാനിൽ ഏതാണ്ട് 1200 കോടി രൂപയുടെ വനസമ്പത്താണ് നഷ്ടപ്പെട്ടതായി കണക്കാക്കുന്നത്. മതികെട്ടാനിൽ ഏതാണ്ട് 1200 ഹെക്ടർ വനമാണ് ഭാഗികമായോ പൂർണ്ണമായോ വെട്ടിവെളുപ്പിച്ചത്. 1961-ലെ കേരള വന നിയമം, 1980-ലെ വനസംരക്ഷണ നിയമം എന്നിവ അനുസരിച്ച് മതികെട്ടാനിലെ വനഭൂമി സംരക്ഷിക്കുവാൻ കേരള ഗവൺമെന്റിന് ബാധ്യതയുണ്ടായിരുന്നു. പക്ഷേ ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : അങ്ങ് വന സംരക്ഷണത്തിന്റെ കാര്യങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽനിന്ന് പറയുകയാണല്ലോ ? ഹൈക്കോടതിയുടെ വിധിയുടെകൂടെ അടിസ്ഥാനത്തിൽ അങ്ങ് ഈ വന സംരക്ഷണത്തെക്കുറിച്ച് പറഞ്ഞതുകൊണ്ട് പറയുകയാണ്. 2003 ജൂൺ മാസം 17-ാം തീയതി, പഞ്ചാരക്കൊല്ലി വനംകൊള്ളയെക്കുറിച്ചുള്ള ഒരു എൻക്വയറി റിപ്പോർട്ടിന്മേൽ നടപടി കൈക്കൊണ്ടിരുന്നതിൽ അസന്തുഷ്ടി രേഖപ്പെടുത്തിക്കൊണ്ടാണ് ഹൈക്കോടതി ഒരു പരാമർശം നടത്തിയത്. അതിൽ കോടതി പറയുകയാണ്, However, Mr. Ajith, Government Pleader states that after the order of the Minister even the charge-sheet has not been served to all the officers concerned including Mr. Murali, the then Divisional Forest Officer, North Wayanadu. അജിത്ത് എന്നുപറയുന്നത്, ഗവൺമെന്റ് പ്ളീഡറാണ്. ബഹുമാനപ്പെട്ട മിനിസ്റ്റർ എന്നുപറയുന്നത് ഫോറസ്റ്റ് മിനിസ്റ്ററാണ്. നോർത്ത് വയനാടിലെ അക്കാലത്തെ ഡി.എഫ്.ഒ. ആയ മുരളി വനിതാ കമ്മീഷന്റെ ചെയർപേഴ്സണായ ശ്രീമതി എം. കമലത്തിന്റെ മകനാണ്. ആ മുരളിയുടെ പേരിൽ നടപടി സ്വീകരിക്കാത്തതിൽ ബഹുമാനപ്പെട്ട ഹൈക്കോടതി അസന്തുഷ്ടി രേഖപ്പെടുത്തിക്കൊണ്ട് നടപടി അടിയന്തിരമായി പൂർത്തീകരിക്കണമെന്നും എൻക്വയറി റിപ്പോർട്ടും അതിനുള്ള മറുപടിയും എല്ലാംതന്നെ കോടതിയുടെ മുമ്പാകെ സമർപ്പിക്കണമെന്നും പറഞ്ഞ കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ ?

ശ്രീ. പി. എസ്. സുപാൽ : വനംകൊള്ള തടയുന്നതുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചില്ല. അതാണ് ശ്രീ. എം.വി. ജയരാജൻ ഇവിടെ സൂചിപ്പിച്ചത്. അതായത് അധികാരികളുടെ മൗനാനുവാദവും പിന്തുണയും ഈ കാര്യത്തിലൊക്കെയുണ്ട്. മതികെട്ടാൻ വിഷയത്തിലും അതാണ് ഉണ്ടായത്. ആ വിഷയമുണ്ടായപ്പോൾത്തന്നെ കേന്ദ്ര ഗവൺമെന്റിൽ റിപ്പോർട്ട് ചെയ്യേണ്ടതായിരുന്നു. റിപ്പോർട്ട് ചെയ്തില്ല. അവസാനം കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടപ്പോഴാണ് ദിവസങ്ങൾ കഴിഞ്ഞ് ഇതു സംബന്ധിച്ച വിവരങ്ങൾ നൽകാൻ തയ്യാറായത്. വനംകൊള്ള വ്യാപകമായി നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുകയാണ്. വനം വകുപ്പിന്റെ ചർച്ചയിൽ പ്രതിപക്ഷ നേതാവ് ചില വിമർശനങ്ങൾ ഉയർത്തുകയുണ്ടായി. മാവൂർ ഗ്രാസിം ഇൻഡസ്ട്രീസ് സംബന്ധിച്ച് അന്ന് ഉന്നയിക്കപ്പെട്ട ഒരു ആരോപണമായതുകൊണ്ടാണ് ഞാൻ സൂചിപ്പിക്കുന്നത്. 18 കോടിരൂപ വിലയുള്ള മരങ്ങളാണ് 21 ലക്ഷം രൂപയ്ക്ക് ആദ്യം ലേലം ചെയ്തത്. പിന്നീട് അതു സംബന്ധിച്ച് കത്ത് കൊടുത്തപ്പോൾ ഏതാണ്ട് 98 ലക്ഷം രൂപയ്ക്ക് ലേലം ചെയ്തു. ഇതിൽ വലിയ അഴിമതി നടത്തിയിട്ടുണ്ട് എന്നതു സംബന്ധിച്ച് പ്രതിപക്ഷ നേതാവ് ഇവിടെ നിയമസഭയിൽ വനം വകുപ്പിന്റെ ചർച്ചയിൽ വലിയ ആരോപണമായിട്ട് ഉന്നയിച്ചതാണ്. അതുപോലെ ഒലവക്കോട് തളിപ്പറമ്പിലെ സ്ട്രോങ് റൂമിൽനിന്ന് ചന്ദനതൈലം പോയതു സംബന്ധിച്ചും അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. അപ്പോൾ നമ്മുടെ വനം വകുപ്പുമന്ത്രി വെല്ലുവിളിച്ചുകൊണ്ട് പറഞ്ഞതെന്താണ് ? മുഖ്യമന്ത്രി ഡൽഹിയിലാണ്, മുഖ്യമന്ത്രി വരട്ടെ വന്നാൽ ഉടൻതന്നെ ഇവിടെ സി.ബി.ഐ. എൻക്വയറി പ്രഖ്യാപിക്കും. ഏത് അന്വേഷണവും ഞാൻ നടത്തും. ജുഡീഷ്യൽ എൻക്വയറി അല്ലെങ്കിൽ സി.ബി.ഐ. എൻക്വയറി നടത്തുമെന്ന രീതിയിൽ അദ്ദേഹം പ്രഖ്യാപനം നടത്തി പോയതല്ലാതെ പിന്നീട് ഈ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് അദ്ദേഹം ഒരു പരാമർശവും നടത്തിക്കണ്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ : സി.ബി.ഐ. എൻക്വയറി നടത്തുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചതിന്റെ ഓർഡർ നിയമസഭയ്ക്കകത്ത് വച്ചത് ബഹുമാനപ്പെട്ട അങ്ങേയ്ക്ക് അറിയില്ലായെന്ന് തോന്നുന്നു.

ശ്രീ. പി. എസ്. സുപാൽ : അത് സ്വാഗതം ചെയ്യുന്നു. പറഞ്ഞ ഓരോ കാര്യം സംബന്ധിച്ചും അങ്ങ് വ്യക്തമാക്കണം. കേരളത്തിൽ വ്യാപകമായ ചന്ദന കള്ളക്കടത്ത് നടക്കുന്നു.

ശ്രീ. എം. വി. ജയരാജൻ : ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പറഞ്ഞത് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് കേരളാ ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് എഴുതിയ കത്തിന്റെ കാര്യമാണ്. സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് അവർ തീരുമാനിച്ചില്ല. ആവശ്യപ്പെട്ടതേയുള്ളൂ. അംഗീകരിച്ചില്ല. സി.ബി.ഐ. അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കണം. അത് ഇതുവരെ ഉണ്ടായിട്ടില്ല. അതുണ്ടാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ : 15 മിനിട്ടു കഴിഞ്ഞു.

ശ്രീ. പി. എസ്. സുപാൽ : 10 മിനിട്ടേ ആയിട്ടുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ : നോ,... നോ,..

ശ്രീ. പി. എസ്. സുപാൽ : കുറച്ചു സമയം അനുവദിക്കണം സർ. ആദ്യത്തെ ചർച്ചയാണല്ലോ. കേരളത്തിൽ ഏതാണ്ട് 14 അനധികൃത ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതുമൂലം ചന്ദന കള്ളക്കടത്ത് വർദ്ധിക്കുന്നതായും മന്ത്രി രേഖാമൂലം നിയമസഭയിൽ മറുപടി നൽകി.

ശ്രീ. എ. കെ. ബാലൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിട്ടുവെന്ന്. ചന്ദനതൈലം കാണാതായ കേസിൽ കേരളത്തിലെ പോലീസ് പരിപൂർണ്ണമായി പരാജയപ്പെട്ടു എന്നതിന്റെ തെളിവല്ലേ ഇത് ? ഒരു ചെറിയ കേസുപോലും അന്വേഷിക്കുവാൻ കേരളാ പോലീസിനു കഴിയില്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ പി സി ജോർജ് : ചന്ദനത്തൈല മോഷണം സംബന്ധിച്ച് ആനുകാലിക പ്രസിദ്ധീകരണങ്ങൾ മുഴുവൻ സ്ഥിരമായി എഴുതിക്കൊണ്ടിരിക്കുകയാണ്. എന്തുകൊണ്ടാണ് മന്ത്രി നിസംഗത പാലിക്കുന്നത് ? മലയാള മനോരമ, മാതൃഭൂമി എന്നീ പത്രങ്ങൾ സ്ഥിരമായി എഴുതിക്കൊണ്ടിരിക്കുകയാണ്. എന്തുകൊണ്ട് ഗവൺമെന്റ് ആ കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്നില്ല ? വലിയ കൊള്ളയാണ്. വേറൊരു കാര്യമുണ്ട്. ഇവിടെ ചന്ദന ഫാക്ടറി ആവശ്യമുണ്ടോ ? ചന്ദനം വെട്ടാൻ പാടില്ലെന്ന നിയമം സംസ്ഥാനത്തുണ്ട്. പിന്നെ ചന്ദന ഫാക്ടറി ഇവിടെ പ്രവർത്തിക്കുവാൻ അനുവദിക്കേണ്ട കാര്യമെന്താണ് ? അതിന്റെ ലൈസൻസ് കാൻസൽ ചെയ്യുവാൻ പാടില്ലേ ? തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ചേർന്ന് ഒരു തീരുമാനം ഉണ്ടാക്കേണ്ടതാണ്, അങ്ങനെയൊരു തീരുമാനം എടുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. സുപാൽ : ഞാൻ അതിലേക്കാണ് വരുന്നത്. പ്രതിപക്ഷനേതാവ് ഈ വിഷയം നിയമസഭയിൽ ഉന്നയിച്ചു. ബഹുമാനപ്പെട്ട മന്ത്രി എന്താണ് മറുപടി പറഞ്ഞത് ? മറുപടി പറഞ്ഞത്, പ്രതിപക്ഷം ഭരിക്കുന്ന പഞ്ചായത്തുകളിലാണ് ഇതെല്ലാം നടക്കുന്നത് എന്നാണ്. പിന്നീട് പ്രതിപക്ഷ നേതാവ് തിരുത്തിയപ്പോൾ വൈമനസ്യത്തോടുകൂടിയാണെങ്കിലും മന്ത്രിക്ക് അംഗീകരിക്കേണ്ടിവന്നു. കേരളത്തിൽ ചന്ദന സുഗന്ധം ഇല്ലാതാകുവാൻ പോകുന്നു. ഒരു വർഷം 100 കോടി രൂപയുടെ ചന്ദനക്കൊള്ളയാണ് കേരളത്തിൽ നടക്കുന്നത്. രണ്ടുവർഷംകൊണ്ട് ചന്ദനമരം കേരളത്തിൽ പൂർണ്ണമായും ഇല്ലാതാകും. ആരാണ് പറഞ്ഞത് ? മലയാള മനോരമയിൽ കഴിഞ്ഞ രണ്ടു ദിവസമായി കേരളത്തിൽ നടക്കുന്ന വലിയ ചന്ദനക്കൊള്ള സംബന്ധിച്ച് വാർത്തകൾ വരുകയാണ്. ഒരു വർഷം 100 കോടിരൂപയുടെ ചന്ദനക്കൊള്ള. അതിൽ പറഞ്ഞിരിക്കുന്നതെന്താണ് ? ചന്ദന ഫാക്ടറികൾ ഏറ്റെടുക്കുവാൻ ഇടതുമുന്നണിയുടെ ഭരണകാലത്ത് തയ്യാറാക്കിയ ഓർഡിനൻസ് ഈ മന്ത്രിസഭയുടെ കാലത്ത് പരിഗണനയിൽ വന്നപ്പോൾ എതിർത്തത് രണ്ടു മന്ത്രിമാർ. ആരാണ് ഈ രണ്ടു മന്ത്രിമാർ ? ഓർഡിനൻസ് പഠിക്കുവാൻ വനം മന്ത്രി ശ്രീ. കെ. സുധാകരൻ അദ്ധ്യക്ഷനായി രൂപീകരിച്ച ഉപസമിതി ചേരാൻ 15 തവണ നോട്ടീസ് അയച്ചെങ്കിലും കൂടിയില്ല. എന്താണ് കൂടാത്തത് ? സെക്രട്ടേറിയറ്റ് ഇവിടെ മാത്രമല്ല. മറ്റൊരു സെക്രട്ടേറിയറ്റുകൂടി ഇപ്പോൾ ഉണ്ടായിരിക്കുന്നു. സെക്രട്ടേറിയറ്റ് എന്ന അപരനാമത്തിൽ അറിയപ്പെടുന്ന അടിമാലിയിലെ ഹോട്ടൽ കേന്ദ്രീകരിച്ച് കച്ചവടം നടക്കുന്നു. തിരുവനന്തപുരത്തെ രാഷ്ട്രീയ ഉന്നതന്റെ അടുപ്പക്കാരൻ എല്ലാ ആഴ്ചയും ഇവിടെയെത്തി ചന്ദനക്കൊള്ളയ്ക്ക് നേതൃത്വം നൽകുന്നു.

സർ, ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. മലയാള മനോരമയിൽ വന്ന ഒരു വാർത്തയാണ്. അതിൽ ഇങ്ങനെ പറയുന്നു.***

മി. സ്പീക്കർ: ഇതുവരെ പറഞ്ഞ എല്ലാ ആരോപണങ്ങളും രേഖയിൽ നിന്ന് നീക്കിയിരിക്കുന്നു. ബില്ലിനെപ്പറ്റി പറയാനുണ്ടെങ്കിൽ പറയണം. ഇവിടെ പറഞ്ഞ ആരോപണങ്ങൾ രേഖയിൽ നിന്ന് നീക്കിയിരിക്കുന്നു....

ശ്രീ. പി. എസ്. സുപാൽ: ആരോപണങ്ങളല്ല സർ. കേരളത്തിലെ ഒരു പ്രധാനപ്പെട്ട കാര്യം ഇവിടെ സൂചിപ്പിച്ചു.

മി. സ്പീക്കർ: ബില്ലിനെപ്പറ്റി പറഞ്ഞാൽ മതി...

ശ്രീ. പി. എസ്. സുപാൽ: സർ, ബില്ലിനെപ്പറ്റിയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ബില്ലിൽ നിന്നാണ് സംസാരിച്ചത്.

മി. സ്പീക്കർ: ആരോപണങ്ങൾ രേഖയിൽ നിന്ന് നീക്കി.

ശ്രീ. പി.എസ്. സുപാൽ : കേരളത്തിൽ ഇത്തരം നിയമങ്ങൾ ഉണ്ടാക്കുമ്പോൾ ശ്രദ്ധിക്കണമെന്നാണ് ഞാൻ പറഞ്ഞത്. വ്യാപകമായി അതിന്റെ പിന്നിൽ കൊള്ളകൾ നടക്കാനുള്ള സാധ്യതയുണ്ട്. അങ്ങനെ വനംകൊള്ളയ്ക്ക് കൂട്ട് നിൽക്കുന്ന ഗവൺമെന്റാണ് ഈ കേരളം ഭരിക്കുന്നത്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ പരിശോധിച്ചു ചെയ്യണമെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

*** ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് പ്രകാരം സഭാ നടപടികളിൽ നിന്ന് നീക്കം ചെയ്തു.

ശ്രീ. എൻ. ഡി. അപ്പച്ചൻ : സർ, 2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദതി ഞാൻ അവതരിപ്പിക്കുന്നു. വയനാട് ജില്ലയിലെ ഏതാണ്ട് 7 ലക്ഷത്തിൽപ്പരം വരുന്ന ജനങ്ങളുടെ പൊതുവികാരമാണ് ഇവിടെ നിയമസഭയിൽ അവതരിപ്പിച്ച കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ. കഴിഞ്ഞ 21 മാസക്കാലമായി കേരളത്തിൽ വയനാട് ജില്ലയിൽ മാത്രം മരം മുറിക്കാനും കൊണ്ടുപോകാനും പാടില്ലായെന്നുള്ള നിയമം കോടതി ഉത്തരവിന്റെ ഫലമായി നിലനിൽക്കുകയാണ്. കൈവശത്തിലുള്ള ഭൂമി, സ്വാതന്ത്ര്യത്തിനു മുമ്പ് പട്ടയാവകാശവും ജന്മാവകാശവും തീറുമായി കൈവശമുള്ള ഭൂമി, അതിനുശേഷം സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായിക്കൊണ്ട് പട്ടയം വാങ്ങി കൈവശം വച്ചുവരുന്ന ഭൂമി , ആ കൃഷിഭൂമിയിലെ മരങ്ങൾ മുറിക്കാനും നീക്കം ചെയ്യാനും പാടില്ലായെന്നാണ് കോടതി വിധി ഉണ്ടായത്. 21 മാസക്കാലമായി വയനാട്ടിലെ മുഴുവൻ ജനങ്ങളും രാഷ്ട്രീയഭേദമെന്യേ ഈ വിലക്ക് നീക്കിക്കിട്ടണമെന്ന് ആവശ്യപ്പെടുന്നവരാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും വനംവകുപ്പുമന്ത്രി, റവന്യൂവകുപ്പുമന്ത്രി എന്നിവരേയും വയനാട്ടിലെ നിയമസഭാ സാമാജികരും വയനാട്ടിലെ ജനപ്രതിനിധികളുമൊക്കെ വിവിധ ഘട്ടങ്ങളിൽ വന്ന് കണ്ട് ഈ പ്രശ്നത്തെപ്പറ്റിയുള്ള ഗൗരവം ബോധ്യപ്പെടുത്തി കൊടുത്തിട്ടുണ്ട്. കേരളത്തിൽ വയനാട്ടിൽ മാത്രമേ ഈയൊരു നിയമം ബാധകമായിട്ടുള്ളൂ. ബാക്കിയുള്ള ജില്ലകളിലൊക്കെ അവരുടെ കൈവശത്തിലുള്ള ഭൂമിയിലെ മരങ്ങൾ മുറിച്ചുകൊണ്ടുപോകുന്നതിന് യാതൊരു വിലക്കും ഏർപ്പെടുത്തിയിട്ടില്ല. അങ്ങനെയുണ്ടാക്കിയിരിക്കുന്ന വിലക്ക് നീക്കിക്കിട്ടുന്നതിനു വേണ്ടിയാണ് ഇവിടെ ഈ ബില്ലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർമാർ പലരും, ഈ നിയമം നടപ്പിലാക്കുന്നതോടു കൂടി കേരളത്തിലെ ഫോറസ്റ്റിൽ നിൽക്കുന്ന മരങ്ങളൊക്കെ മുറിച്ചുകൊണ്ടു പോയേക്കാവുന്ന തരത്തിലുള്ള ഭീതിയുള്ള നിലയിൽ സംസാരിക്കുന്നത് കേൾക്കാൻ കഴിഞ്ഞു. അതുമായി ബന്ധപ്പെട്ടുകൊണ്ടല്ല ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഞാൻ സൂചിപ്പിച്ച മാതിരി, വയനാട് ജില്ലയിൽ മാത്രം 21 മാസക്കാലമായി നിലനിൽക്കുന്ന, മരം മുറിക്കാനും അത് കൊണ്ടുപോകാനും പാടില്ലായെന്നുള്ള കോടതിവിധി നീക്കിക്കിട്ടുന്നതിനുവേണ്ടിയാണ് ഈ സഭയിൽ നിയമം ഉണ്ടാക്കാൻ പോകുന്നത്. വയനാട്ടിലെ കാർഷികമേഖലയിലെ സ്ഥിതി ഞാൻ വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. കഴിഞ്ഞ ആറേഴു വർഷക്കാലമായി ആ ജില്ലയിൽ താമസിക്കുന്ന പാവപ്പെട്ട കൃഷിക്കാരെ സംബന്ധിച്ച്, അവരുടെ ജീവിതം വഴിമുട്ടി നിൽക്കുകയാണ്. അത്തരമൊരു സാഹചര്യത്തിലാണ് സ്വന്തം പുരയിടത്തിൽ വളർന്നുവന്നിട്ടുള്ള മരം, അല്ലെങ്കിൽ 1965 കാലഘട്ടത്തിൽ സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി പട്ടയം വാങ്ങിയ , മരവില അടച്ച്, സർവ്വേച്ചാർജ് കൊടുത്ത് ഭൂമിയുടെ വില കൊടുത്ത് പട്ടയം വാങ്ങിച്ച ജനങ്ങൾ താമസിക്കുന്ന അത്തരം സ്ഥലത്തുനിന്നുള്ള മരങ്ങൾ മുറിച്ചുകൊണ്ടുപോകുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്. സ്വാതന്ത്ര്യത്തിനു മുമ്പും വയനാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ജന്മപട്ടയമുള്ള പതിനായിരക്കണക്കിന് ഏക്കർ ഭൂമിയുണ്ട്. ആ ഭൂമിയിലെ മരങ്ങൾപോലും മുറിച്ച്കൊണ്ടുപോകാൻ കഴിയില്ല എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ കോടതി വിധിയിലൂടെ വന്നിരിക്കുന്നത്. ആരോ കൊടുത്ത ഒരു ഊമക്കത്തിന്റെ ഫലമായിട്ടാണ് ബഹുമാനപ്പെട്ട ഹൈക്കോടതി അത് ഹർജിയായി സ്വീകരിച്ചുകൊണ്ട് മരം മുറി നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. അതു നീക്കിക്കിട്ടേണ്ടത് വയനാട് ജില്ലയിലെ മുഴുവൻ ജനങ്ങളുടേയും ആവശ്യമാണ്. 21 മാസക്കാലമായി വയനാട്ടിലെ ജനങ്ങൾ ഏറെ പ്രയാസങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. പല ആളുകളും ഇതുമായി ബന്ധപ്പെട്ടുകൊണ്ട് കോടതിയെ സമീപിച്ചു. കോടതിയെ സമീപിച്ചപ്പോഴും ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കോടതി അവസാനം പറഞ്ഞത്, മരം മുറിക്കാനുള്ള ആളുകൾ ബഹു. കേരളാ ഹൈക്കോടതിയിൽ പെറ്റീഷൻ സമർപ്പിച്ചിട്ട് അവിടെ നിന്ന് ഉത്തരവ് വാങ്ങിച്ചുകൊണ്ട് മരം മുറിക്കണമെന്നാണ്. സാധാരണക്കാരായിട്ടുള്ള, പാവപ്പെട്ടവരായിട്ടുള്ള ഒരേക്കറോ അര ഏക്കറോ സ്ഥലം കൈവശം വച്ചിരിക്കുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം സ്വന്തം മകളെ കെട്ടിക്കാൻ വേണ്ടി, സ്വന്തമായി ഒരു വീടുണ്ടാക്കാൻ വേണ്ടി തന്റെ പറമ്പിൽ വർഷങ്ങളായി കാത്തുസൂക്ഷിച്ച ഒരു മരം മുറിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വന്ന് ഹൈക്കോടതി ഉത്തരവ് വാങ്ങിച്ചുകൊണ്ട് മരം മുറിക്കാൻ ഒരു കാരണവശാലും കഴിയുന്ന കാര്യമല്ല. അതുകൊണ്ട് ഗവൺമെന്റ് ഇതിൽ ഇടപെട്ടുകൊണ്ട് നിയമനിർമ്മാണം നടത്തി ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി ഇറക്കിയ ഉത്തരവിനെതിരേ വയനാട്ടിലെ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി നിയമനിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കം മുൻകൈ എടുത്തുകൊണ്ട് ഇത്തരം നിയമനിർമ്മാണത്തിനുവേണ്ടി സഹകരിച്ചു എന്നുള്ളത് നന്ദിയോടുകൂടി ഞാൻ ഓർക്കുകയാണ്. ഇവിടെ പലരും സൂചിപ്പിച്ചത് കാട്ടിലെ മരം മുറിച്ചുകൊണ്ടുപോകുന്ന കാര്യമാണ്. കൂടാതെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയേയും റവന്യൂ വകുപ്പുമന്ത്രിയേയും ആക്ഷേപിക്കുന്ന തരത്തിലാണ് ഇവിടെ പലരും പ്രസംഗിച്ചത്. ഞാൻ രാഷ്ട്രീയമായി ഈ പ്രശ്നത്തെ കാണാൻ ആഗ്രഹിക്കുന്നില്ല. കാരണം, രാഷ്ട്രീയത്തിനതീതമായി വയനാട്ടിലെ മുഴുവൻ ജനതയ്ക്കും കൊച്ചുമക്കൾക്കുപോലും അവരുടെ ജീവിതപ്രശ്നം എന്ന നിലയിൽ ഈ പ്രശ്നത്തിൽ ഒരേ അഭിപ്രായക്കാരാണ്. വ്യത്യസ്തമായ ഒരഭിപ്രായം ഇക്കാര്യത്തിൽ അവിടെയില്ല. എന്റെയടക്കം, ഞങ്ങളുടെ പറമ്പിലുള്ള മരം മുറിച്ചുകൊണ്ടുപോകാനുള്ള അവകാശം എനിക്കുണ്ട്. അത് എന്റെ അവകാശമാണ്. ആ അവകാശത്തെയാണ് ഇപ്പോൾ ചോദ്യം ചെയ്തിരിക്കുന്നത്. ആ അവകാശം പുനഃസ്ഥാപിച്ചു കിട്ടണമെന്നു മാത്രമേ ഞങ്ങൾ ഇപ്പോൾ ആവശ്യപ്പെടുന്നുള്ളൂ. ഏലത്തോട്ടത്തിലെ മരം മുറിക്കുന്നതിനെപ്പറ്റി ഇവിടെ പറഞ്ഞു. സെക്ഷൻ 5-ൽപ്പെട്ടതാണ് ഏലത്തോട്ടം. അത് നോട്ടിഫൈഡ് ഏരിയയാണ്. അവിടെ നിന്ന് മരം മുറിക്കണമെന്നുണ്ടെങ്കിൽ ഇപ്പോഴും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റേയും റവന്യൂ ഡിപ്പാർട്ട്മെന്റിന്റേയും പെർമിഷൻ ഉണ്ടെങ്കിൽ മാത്രമേ ചെറിയ ഒരു കഷണം മരംപോലും മുറിക്കാൻ പാടുള്ളൂ. ആ നിയമം ഇവിടെ നിലനിൽക്കുകയാണ്. ഗവൺമെന്റ് നോട്ടിഫൈ ചെയ്തിട്ടുള്ള 10 മരങ്ങൾ മുറിക്കുന്നതിനുവേണ്ടി, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ നിയമമനുസരിച്ച് മരം മുറിക്കുന്നതിന് മുൻകൂട്ടി കട്ടിംഗ് പെർമിഷൻ വാങ്ങിച്ചശേഷം മാത്രമേ മരം

LIBRARY ARCHIVES Kerala Legislative Assembly

മുറിക്കാൻ പാടുള്ളൂ. അത്തരമൊരു സാഹചര്യത്തിൽ ഇതിലൊന്നും പെടാതെ നിൽക്കുന്ന കൃഷിക്കാരന്റെ കൈവശസ്ഥലത്തുള്ള മരങ്ങൾ, ഈട്ടി, തേക്ക് തുടങ്ങിയ 10 ഇനങ്ങളിൽപ്പെട്ട മരങ്ങളൊഴിച്ച് ബാക്കിയുള്ള മരങ്ങൾ മുറിച്ചുകൊണ്ടുപോകാനുള്ള അനുവാദം ഞങ്ങൾക്ക് തരണം. അതു വിൽക്കാനുള്ള അവകാശം ഞങ്ങൾക്ക് തരണം. ഞങ്ങളുടെ ജീവിതം ദുരിതപൂർണ്ണമായി തീർന്നിരിക്കുന്നു. അതിൽ നിന്ന് ഞങ്ങൾക്ക് മോചനം ലഭിക്കുന്നതിനുവേണ്ടി സഹായിക്കണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. ഈ പ്രശ്നത്തിന്റെ പേരിൽ ഇവിടെ രാഷ്ട്രീയമായി പല വിധത്തിലുള്ള കാര്യങ്ങൾ സംസാരിച്ചു. അതിന്റെ ആവശ്യമെന്താണെന്ന് എനിക്ക് മനസ്സിലായില്ല. റവന്യൂ ഭൂമിയിലുള്ള, ഞങ്ങളുടെ കൈവശ സ്ഥലത്തുള്ള മരങ്ങൾ മുറിക്കുന്ന പ്രശ്നങ്ങൾ മാത്രമേ ഞങ്ങൾ ഉന്നയിക്കുന്നുള്ളൂ. കാട്ടിലെ മരം മുറിക്കുന്നതിനോട് ഞങ്ങൾക്കാർക്കും യോജിപ്പില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം, ഈ രണ്ടു വർഷക്കാലത്തിനുള്ളിൽ എവിടെയെങ്കിലും ഒരു വനംകൊള്ള നടന്നു എന്ന് വ്യക്തമായി തെളിയിക്കാനോ എന്തെങ്കിലും പറയാനോ ആർക്കും കഴിഞ്ഞിട്ടില്ല. നേരെ മറിച്ച് കള്ളപ്രചാരണം അടിച്ചിറക്കുകയാണ്. മരം മുറിച്ചതിനെപ്പറ്റി വനംവകുപ്പുമന്ത്രിയെ ആക്ഷേപിക്കുന്നു, റവന്യൂ വകുപ്പുമന്ത്രിയെ ആക്ഷേപിക്കുന്നു, മതികെട്ടാനിൽ ഭൂമി കയ്യേറിയതു സംബന്ധിച്ച് പറയുന്നു. ചിലപ്പോൾ ഭൂമി കയ്യേറിക്കാണും. അത് ഒഴിപ്പിക്കാൻ ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ മരം മുറിക്കുന്നതിനേയും അനധികൃതമായി കൈവശം വയ്ക്കുന്നതിനേയും കയ്യേറ്റം നടത്തുന്നതിനേയും ഒരു കാരണവശാലും പൊറുപ്പിക്കാത്ത ഒരു ഗവൺമെന്റാണ് ഈ സംസ്ഥാനം ഭരിക്കുന്നത്. ഈ സന്ദർഭത്തിൽ ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നത്തിനുവേണ്ടി ഒരു ബിൽ സഭയിൽ കൊണ്ടുവന്നപ്പോൾ അതിന്റെ പേരിൽ ഗവൺമെന്റിനെ ആക്ഷേപിക്കുന്നതിനുവേണ്ടി മുന്നോട്ടു വന്നത് ശരിയായില്ലായെന്നു മാത്രമേ എനിക്കു പറയാനുള്ളൂ. ഞങ്ങളുടെ ഒരവകാശമാണ്. ഞങ്ങൾക്ക് ലഭിച്ചിട്ടുള്ള അവകാശം കവർന്നെടുക്കുകയാണ്. കോടതിവിധിയിലൂടെ അത് കവർന്നെടുത്തിരിക്കുന്നു. അതു നീക്കിക്കിട്ടണം. അതിനുവേണ്ടി ബഹുമാനപ്പെട്ട ഗവൺമെന്റ് ഈ ബിൽ അടിയന്തിരമായി സെലക്ട് കമ്മിറ്റിക്ക് അയച്ച് എത്രയും വേഗം നിയമനിർമ്മാണം ഉണ്ടാക്കിക്കൊണ്ട് 21 മാസക്കാലമായി കഷ്ടപ്പെടുന്ന, ബുദ്ധിമുട്ടുന്ന വയനാട്ടിലെ പാവപ്പെട്ട കൃഷിക്കാരുടേയും സാധാരണക്കാരുടേയും, കണ്ണീരൊപ്പുന്നതിനുവേണ്ടി ഈ ബിൽ എത്രയും പെട്ടെന്ന് നിയമമാക്കി ഞങ്ങളെ സഹായിക്കണമെന്നു മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഈ ബില്ലിന്റ ഉദ്ദേശകാരണങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ഹൈക്കോടതിയിലുള്ള ഒരു ഒ.പി.-യിന്മേൽ വയനാട് ജില്ലയിലെ ഒരു വൃക്ഷവും മുറിക്കാൻ പാടില്ലായെന്ന ഇടക്കാല ഉത്തരവിനെ മറികടക്കുന്നതിനുവേണ്ടിയാണ് എന്നാണ്. എന്നാൽ ഈ ഉദ്ദേശത്തോടുകൂടി ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിൽ പറഞ്ഞിരിക്കുന്നതോ ഏതെങ്കിലും ഭൂമിയുടെ രജിസ്റ്റർ ചെയ്തിട്ടുള്ള കൈവശക്കാരനോ പട്ടയ കൈവശക്കാരനോ ഈ വകുപ്പിൻകീഴിലുള്ള ഒരു അനുമതി വാങ്ങാതെയും അങ്ങനെയുള്ള ഭൂമിയിൽ നിൽക്കുന്ന വൃക്ഷം വാങ്ങിക്കാം എന്നാണ്. ഇതു പറയുമ്പോഴാണ് മറ്റൊരു കാര്യം

LIBRARY ARCHIVES Kerala Legislative Assembly

പറയാൻ ഉദ്ദേശിക്കുന്നത്. വൃക്ഷ സംരക്ഷണ ബിൽ എന്ന പേരിൽ അവതരിപ്പിച്ചിരിക്കുന്നത് പ്രായോഗിക തലത്തിൽ വരുമ്പോൾ വൃക്ഷ നശീകരണ ബിൽ ആകാതിരിക്കാൻ ശ്രദ്ധിക്കണം. ഞാനിതു പറയാൻ കാരണം ഇപ്പോൾ Law Reforms Committee-യുടെ അഭിപ്രായത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിൽ 8-ാമത് പറഞ്ഞിരിക്കുന്നത് Power of the holder of land to cut and remove trees standing in their lands എന്നാണ്. അതോടൊപ്പം അതിനേക്കാൾ ഗൗരവമുള്ള ഒരു കാര്യം ശ്രദ്ധിക്കേണ്ടത് Repeal and Savings – 26 : The Kerala Preservation of Trees Act 1986 is hereby repealed. ഈ രേഖ അംഗീകരിച്ചതിനുശേഷമാണ് ഇവിടെ ഈ ഭേദഗതി ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. വയനാട് ജില്ലയിൽ ഹൈക്കോടതി വിധിയനുസരിച്ച് മരം മുറിയുടെ തടസ്സം മാറ്റാനാണെങ്കിൽ അത് സദുദ്ദേശപരമാണ്. പക്ഷേ ഈ ബിൽ ഈ രൂപത്തിൽ നടപ്പാക്കുകയാണെങ്കിൽ എന്തായിരിക്കും ഉണ്ടാകാൻ പോകുന്ന സ്ഥിതി ? അട്ടപ്പാടി, മുച്ചിക്കുണ്ട് നിക്ഷിപ്ത വനത്തിൽ നിന്നും വ്യാജ പട്ടയത്തിന്റെ പേരിൽ മരം മുറിച്ചുമാറ്റിയതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലുണ്ടായ വിധിയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന ഗവൺമെന്റ് 1983-ൽ ഒരു ഓർഡിനൻസ് കൊണ്ടുവരുന്നത്. ആ ഓർഡിനൻസാണ് 1986-ൽ നിയമ ഭേദഗതി കൊണ്ടുവന്ന് ഈ പറയുന്ന നിയമം രൂപപ്പെട്ടത്. പട്ടയ ഭൂമിയിലെ മരംമുറി അങ്ങനെ നിയന്ത്രിച്ചു. കുറെ കാര്യങ്ങൾ ഫലപ്രദമായി നടന്നു. 2001 ഒക്ടോബർ 9-നാണല്ലോ ഈ പറയുന്ന ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ *suomoto* ആയി ജസ്റ്റീസ് ശ്രീ. ബാലസുബ്രഹ്മണ്യം കേസെടുക്കുകയും വയനാട് കളക്ടറും ഡി.എഫ്.ഒ.യുമുൾപ്പെടെ 6 പേരെ പ്രതികളാക്കി കേസെടുത്ത് ഒരു ഇടക്കാല ഉത്തരവുണ്ടാവുകയും ചെയ്തത്. ആ ഇടക്കാല ഉത്തരവ് മറികടക്കണമെന്നുള്ളതും സാധാരണക്കാർക്ക് ഇത് ഗുണം ചെയ്യണമെന്നുള്ളതും അംഗീകരിക്കുന്നു. അപ്പോൾ അങ്ങ് ഒരു കാര്യം ശ്രദ്ധിക്കേണ്ടത് ഈ പറയുന്ന നിയമത്തിന്റെ നാലാം വകുപ്പിൽ, 5-ാം ഉപവകുപ്പിൽ പറയുന്നത് Provided that where such compound exceeds one hectare in the extent, the provisions of this sub-section shall apply only in respect of an extent of one hectare immediately surrounding the residential building എന്നാണ്. നിലനിർത്തിയിരിക്കുന്ന ഒരു നിയമത്തിൽ വരുത്തേണ്ട ഭേദഗതിയെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ഇവിടെ പറഞ്ഞിരിക്കുന്ന കൈവശക്കാരനുകൂടി അനുവാദം കൊടുത്താൽ എന്തായിരിക്കും ഉണ്ടാകാൻ പോകുന്നത് ? ഒരു previous incident ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. 1993-ൽ യു.ഡി.എഫ്. ഗവൺമെന്റിൽ ബഹുമാനപ്പെട്ട കെ. പി. വിശ്വനാഥൻ വനം വകുപ്പുമന്ത്രിയായിരിക്കുമ്പോൾ ഒരു ഗവൺമെന്റ് ഓർഡർ വന്നു, GO.(Ms)23/93/Forest 15-3-1993. ഈ ബില്ലിന് സമാനമാണ് ആ ജി.ഒ. അന്നുണ്ടായിരുന്ന സാങ്കേതികമായ കാരണങ്ങളാലും വ്യാപകമായി ഇതിനെക്കുറിച്ചുള്ള ചർച്ചയും മരംമുറിയുടെ ദുരുപയോഗം കാരണവും രണ്ടുമാസത്തിനകം അദ്ദേഹം അത് പിൻവലിച്ചു. ആ സന്ദർഭത്തിൽ ധാരാളം മരം വെട്ടുന്നു എന്നുള്ള വാർത്ത വരികയും ചില സാങ്കേതിക പ്രശ്നങ്ങൾ വരികയും ചെയ്തതുകൊണ്ട് ആ ജി.ഒ. വനം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. പി. വിശ്വനാഥൻ പിൻവലിച്ചു. അന്ന് ഒരു ബിൽ ചർച്ച ചെയ്യുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി രൂപപ്പെടുത്തിയ കരടും യു.ഡി.എഫ്. നേതൃത്വത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതുമായി ഫണ്ടമെന്റലായ വ്യത്യാസമുണ്ട്. അതിൽ ഭൂമിക്ക് നിയന്ത്രണം പറഞ്ഞിട്ടുണ്ട്. ഭൂവിസ്തൃതിക്ക് ഇതിൽ യാതൊരു നിയന്ത്രണവുമില്ല. അങ്ങ് പറയുന്നു കാർഡമം എസ്റ്റേറ്റ് ഒഴിവാക്കാമെന്ന്. പൊതു താല്പര്യത്തിനു വേണ്ടി കോടതി ഉത്തരവ് മറികടക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവരുന്നതെങ്കിൽ അത് പൊതു താല്പര്യത്തിനെതിരായി വരരുത്. ആ ആശങ്ക, ഇതിലടങ്ങിയിരിക്കുന്നു. ഏതെങ്കിലും ഭൂമിയുടെ കൈവശക്കാരനോ പട്ടയക്കാരനോ എന്ന നിർവ്വചനം ഒഴിവാക്കിയില്ലെങ്കിൽ ഇതിന്റെ ഭവിഷ്യത്ത് വളരെ വലുതായിരിക്കും. നിലവിലിരിക്കുന്ന നിയമത്തിലെ 4-ാം വകുപ്പിലെ 5-ാം ഉപവകുപ്പ് ഉദ്ധരിച്ച് ഇത് പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ഭേദഗതി ബിൽ പ്രകാരം ഈ പറയുന്നതു പോലെ വന്നാൽ കയ്യേറ്റക്കാരുടെ 2800 ഹെക്ടർ പട്ടയം കൊടുത്ത സ്ഥലമുണ്ടല്ലോ, അവിടെ നിൽക്കുന്ന വൃക്ഷങ്ങൾ മുഴുവൻ അനിയന്ത്രിതമായി മുറിച്ചുമാറ്റപ്പെടും. അതുമാത്രമല്ല, മുഴുവൻ ലീസ് എസ്റ്റേറ്റുകളിലേയും മരങ്ങൾ മുറിക്കും. ഈ കേരളത്തിന്റെ ഭൂമിശാസ്ത്രപരവും പരിസ്ഥിതിക്ക് കോട്ടം തട്ടാതിരിക്കാൻ സഹായിക്കുന്നതുമായ കണ്ടൽവനങ്ങൾ സംരക്ഷിക്കപ്പെടേണ്ടതല്ലേ ? രണ്ടുമീറ്ററിനുള്ളിലുള്ള നദീതീരങ്ങളിലെ വൃക്ഷങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ്. പാരിസ്ഥിതിക പ്രശ്നങ്ങളും അതുപോലെതന്നെ നമ്മുടെ ജലസ്രോതസ്സുകളും സംരക്ഷിക്കാൻ കഴിയുന്ന തരത്തിൽ ഈ നിയമം ഭേദഗതി ചെയ്യപ്പെടണം, ഈ നിയമം ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടി വരണം. കാർഡമം പ്ലാന്റേഷനുകളും ആദിവാസി ഭൂമിയുമുൾപ്പെടെ യഥേഷ്ടം മരം മുറിക്കുന്നത് ഒഴിവാക്കാൻ ഇതിൽ നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഇപ്പോൾത്തന്നെ ഒരനുഭവം ഇവിടെ പറഞ്ഞു, ആദിവാസികൾക്ക് കൊടുത്ത മറയൂരിലെ ഭൂമിയെപ്പറ്റി ; ആദിവാസികൾ അവിടെ ചെന്നപ്പോൾ അവിടെനിന്നും ചന്ദനമരവും മുറിച്ചുകൊണ്ട് ആളുകൾ കടന്നുകഴിഞ്ഞിരുന്നു. അതാണ് ഇപ്പോൾ നിലവിലിരിക്കുന്ന സ്ഥിതി. അതുകൊണ്ടുതന്നെ ഭൂവിസ്തൃതിക്ക് വ്യക്തമായ പരിധിയുണ്ടാകണം. കണ്ടൽ വനങ്ങൾ, നദീതീരങ്ങൾ, കാർഡമം പ്ലാന്റേഷൻ, ആദിവാസി ഭൂമി തുടങ്ങിയവയിലെ മരങ്ങൾ സംരക്ഷിക്കാൻ നമുക്ക് ഇതിനകത്ത് വ്യവസ്ഥ ചേർക്കണം, അവ സംരക്ഷിക്കപ്പെടണം. ഇന്നത്തെ രൂപത്തിൽ ഈ ബിൽ പാസ്സായാൽ വൻ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകും, ഇത് ദുർവിനിയോഗം ചെയ്യപ്പെടും. അതുകൊണ്ട് സദുദ്ദേശപരമായി ഇന്ന് വയനാട് പ്രദേശത്ത് സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടിനെ മറികടക്കാൻവേണ്ടി കൊണ്ടു വരുന്ന നിയമം ദുർവിനിയോഗം ചെയ്യാതിരിക്കാൻ നടപടി സ്വീകരിക്കണം. ഇപ്പോൾ ഈ നിയമം തന്നെ നിങ്ങൾ കാൻസൽ ചെയ്യാൻ പോവുകയാണ്, അതുകൊണ്ട് ഈ ബിൽ സദുദ്ദേശപരമാണെങ്കിൽ ഇതിനുകൂടി വകുപ്പുകൾ ചേർത്തുകൊണ്ട് കയ്യേറ്റക്കാർ അനിയന്ത്രിതമായി മരം മുറിച്ചുമാറ്റാതിരിക്കാനുള്ള അവസരമുണ്ടാക്കാനും പച്ചപ്പ് നിലനിർത്താനും കഴിയുന്നവിധം, പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് ഈ ബിൽ ഭേദഗതി ചെയ്ത് അവതരിപ്പിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ : സർ, ഈ ബിൽ കൊണ്ടുവന്നതിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. വയനാട്ടിലെ ആളുകൾക്ക് ഇങ്ങനെയുള്ള ഒരു ഡിമാൻഡുണ്ട് എന്നുള്ളത് ശരിയാണ്. പക്ഷേ അപകടകരമായ ഒരവസ്ഥയാണിത്, ഞാനവിടെ വനസംരക്ഷണ സമിതിയുടെ ജില്ലാ കൺവീനറാണ് അതുകൊണ്ടു പറയുകയാണ്, യഥാർത്ഥത്തിൽ വയനാട് ജില്ലയിലും അതിന്റെ താഴ്‌വാരത്തിലുള്ള താമരശ്ശേരി, തിരുവമ്പാടി പ്രദേശങ്ങളിലും, ജീരകപ്പാറ തുടങ്ങിയ മലമ്പ്രദേശങ്ങളിലുമെല്ലാം വനം നിലനിന്നുപോകുന്നത് 1986-ലെ വൃക്ഷസംരക്ഷണ നിയമത്തിന്റെ നാലാം വകുപ്പ് ഉള്ളതുകൊണ്ടു മാത്രമാണ്. ആ സെക്ഷൻ 4 തന്നെയാണ് dead and decayed മരങ്ങൾ എന്നുള്ളതിനു മുകളിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഇതിൽത്തന്നെ പറഞ്ഞിട്ടുണ്ട്, പ്രത്യേകം ഒരു അപേക്ഷ കൊടുത്തിട്ടുണ്ടെങ്കിൽ ആ dead and decayed എന്നുള്ളത് ദുരുപയോഗപ്പെടുത്തിക്കൊണ്ട് ലോഡു കണക്കിന് മരങ്ങൾ അവിടെനിന്നും കടത്തിക്കൊണ്ടു പോവുകയാണ് എന്ന്. ഇതിൽ ഒരു അപകടമുണ്ട്. ഈ കൊണ്ടുവന്നിട്ടുള്ള ബില്ലിൽതന്നെ "land" എന്നു പറഞ്ഞത് എന്തുകൊണ്ട് കൃഷിചെയ്യുന്ന ലാൻഡ് എന്നു വന്നില്ല ? നിങ്ങൾ ഇതിൽ പറഞ്ഞിരിക്കുന്ന പട്ടയമോ കൈവശമോ ഉള്ള ലാൻഡ് എന്നു പറയുന്നതിൽ കാര്യമില്ല. കാരണം അങ്ങനെ വന്നാൽ forest encroach ചെയ്തിട്ടുള്ള സ്ഥലങ്ങൾ വളരെയധികമുണ്ട്, അവിടെ ഒന്നുകിൽ തെങ്ങുകൃഷിയോ അല്ലെങ്കിൽ കവുങ്ങുകൃഷിയോ സാധാരണഗതിയിൽ കൃഷി ചെയ്തിട്ടുള്ള ഇടങ്ങളെന്ന് സ്പെസിഫൈ ചെയ്തിട്ടില്ലെങ്കിൽ മരംമുറി നടക്കും. ഒരുകാര്യംകൂടി ഞാൻ പറയുകയാണ്, ഇപ്പോൾ കൃഷിക്കാരന്റെ ഭൂമിയിൽ നിന്നും ഒരു മരം മുറിച്ചുവെന്ന് വിചാരിക്കുക, ഈ മരം അയാൾ ഉപയോഗിക്കുന്നില്ലെങ്കിൽ കൊണ്ടുപോകണ്ടല്ലോ, കൊണ്ടു നടക്കുന്നതിന് എന്താണ് വ്യവസ്ഥ ? വയനാട്ടിലെ കാട്ടിൽ നിന്നും മുറിക്കുന്ന ലോഡുകണക്കിന് മരവും ഒരു കൃഷിക്കാരന്റെ ഭൂമിയിൽ നിന്നും മുറിക്കുന്ന ഒന്നോരണ്ടോ മരവും, ഈ കാര്യംതന്നെ ഇവിടെ സ്പെസിഫൈ ചെയ്തിട്ടുണ്ട്, ഈ മരം കടത്തിക്കൊണ്ടുപോകുമ്പോൾ എന്താണ് ഗ്യാരന്റിയുള്ളത്? എങ്ങനെയാണ് ഗവൺമെന്റിന് ഇത് ചെക്കുചെയ്യാൻ കഴിയുന്നത് ? വനം വകുപ്പെന്ന് പറയുന്നത് വനംകൊള്ള വകുപ്പായി മാറിയിട്ടുണ്ട്. എങ്ങനെ ഈ ഫോറസ്റ്റ് ഗാർഡുകളേയും ഉദ്യോഗസ്ഥന്മാരേയും വിശ്വസിച്ചുകൊണ്ട് കേരളത്തിലെ വനം സംരക്ഷിക്കപ്പെടും ? അതുകൊണ്ട് ഈ ബില്ലിൽ വ്യക്തതയോടുകൂടി ഏതെങ്കിലും കൃഷിക്കാരന്റെ വീട്ടിൽ അല്ലെങ്കിൽ കൃഷിഭൂമിയിൽ നിൽക്കുന്ന ഒരു മരം മുറിക്കുന്നതിന് എതിരല്ല, അതേസമയംതന്നെ കാട് കൊള്ള ചെയ്യില്ല എന്നുള്ളതിന്റെ ഉറപ്പ് ഉണ്ടാകണമെന്നുള്ളതാണ് മരത്തിനെ സംബന്ധിച്ച് പാരിസ്ഥിതിക പ്രവർത്തകരാണ് സാധാരണ മരം ഒരു വരമാണെന്നുള്ളത് പറയുന്നത്, അത് അവരുടെ ഒരു മുദ്രാവാക്യമാണ്. ഇപ്പോൾ അത് വനം കൊള്ളക്കാർ ഏറ്റെടുത്തിരിക്കുന്നു. മരം ഒരു വരമെന്നുപറയുന്നത് ഇപ്പോൾ കേരളത്തിലെ വനംകൊള്ളക്കാരാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ജാഗ്രത വേണമെന്നുമാത്രം ഞാൻ പറയുകയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, പുതുതായി യാതൊന്നും ഈ നിയമനിർമ്മാണത്തിലില്ല. നിലവിലുള്ള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വയനാട്ടിലെ കൃഷിക്കാരുടെ കൈവശഭൂമിയിൽ നിന്നും മരം മുറിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടിരിക്കുന്നു. ആ കോടതിവിധിയുടെ immunity

LIBRARY ARCHIVES Kerala Legislative Assembly

എടുത്തുകളയാനുള്ള ഒരു നിയമനിർമ്മാണം മാത്രമാണിത്. ബഹുമാനപ്പെട്ട അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ പറഞ്ഞതുപോലെ പുതുതായി വനത്തിൽ നിന്നും മരം വെട്ടാനൊന്നുമല്ല ഈ നിയമനിർമ്മാണം. ഈ നിയമനിർമ്മാണത്തിലൂടെ അവശരും ആർത്തരും ആലംബഹീനരുമായ വയനാട്ടിലെ പാവപ്പെട്ട കർഷക ജനതയുടെ ഒരു വിലാപത്തിന് ഗവൺമെന്റ് പരിഹാരം കാണുകയാണ്. അതിന് നിങ്ങളെല്ലാവരും സഹകരിക്കേണ്ടതാണ്. അതിൽ എതിർക്കേണ്ട കാര്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ജില്ലയിലെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയടക്കം ഈ പ്രശ്നത്തിൽ വഴിതടഞ്ഞ് സമരമുണ്ടാക്കിയതാണ്. അത് അദ്ദേഹത്തിന് ഓർമ്മയുണ്ടോയെന്ന് എനിക്കറിയില്ല. ഇത് വയനാട്ടിലെ....(ബഹളം)..... വയനാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരം കാണാനാണ്. ഇടക്കാലത്തുള്ള പല വിധികളും എടുത്തുനോക്കിയാൽ മതി., ഹൈക്കോടതി വിധികൾക്ക് മാനുഷികമുഖം നഷ്ടപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ ദുഃഖങ്ങളും പ്രയാസങ്ങളും ദുരിതങ്ങളും, പാവപ്പെട്ടവന്റെ ദുഃഖങ്ങൾ, പലപ്പോഴും ഹൈക്കോടതിയിൽ അല്ലെങ്കിൽ കോടതികളിലുള്ള ജഡ്ജിമാർക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല എന്നുള്ള ദുഃഖസത്യം ഇന്ന് സത്യമായിത്തന്നെ അവശേഷിക്കുകയാണ്. അതുകൊണ്ട് വയനാട്ടിലെ പാവപ്പെട്ട കൃഷിക്കാരുടെ മോചനത്തിനുവേണ്ടി, ആറരലക്ഷത്തോളം കഷ്ടപ്പെടുന്ന സാധാരണക്കാരായ ജനങ്ങളുടെ മോചനത്തിനുവേണ്ടിയുള്ള ഈ നിയമനിർമ്മാണത്തെ എല്ലാവരും ഏകകണ്ഠേന അനുകൂലിക്കേണ്ടതാണ്. കൃഷിക്കാർക്ക് ഒന്നും വിൽക്കാനില്ല. കാർഷികോല്പന്നങ്ങൾക്ക് വിലയില്ല. രണ്ടുമരം മുറിച്ചുവിറ്റ് സ്വന്തം ആവശ്യം നിർവ്വഹിക്കാനുള്ള അവസരമാണ് ഈ ബിൽ കൊണ്ടുണ്ടാകുന്നത്. അതുകൊണ്ട് ഈ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു.

(2) 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ (പരിഗണനയ്ക്കെടുത്തില്ല.)

(3) 2002-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ബിൽ (പരിഗണനയ്ക്കെടുത്തില്ല.)

(3) ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും 2003-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ മുതൽ 11-ാം നമ്പർ വരെ) ബില്ലുകൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2003-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ, 2003-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ, 2003-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, 2003-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ, 2003-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ, 2003-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ, 2003-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ, 2003-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ, 2003-ലെ കേരള ധനവിനിയോഗ (11-ാം നമ്പർ) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly